...ന്ത്രി പിണറായി വിജയനുമായി കൂടിക്കാഴ്ച നടത്തി. പാർട്ടിയുടെ കത്തുമായിവന്നാൽ മന്ത്രിസ്ഥാനം പരിഗണിക്കാമെന്നാണ് മുഖ്യമന്ത്രിയുടെ മറുപടി.

ദേശീയ അധ്യക്ഷൻ ശരദ് പവാറിനെ കാണാനുള്ള ഒരുക്കത്തിലാണ് തോമസ് കെ. തോമസ്. അതേസമയം, മന്ത്രി

ഈയിടെ ചേർന്ന യോഗ...ത്തിൽ ജില്ലാപ്രസിഡന്റുമാരിൽ ഭൂരിപക്ഷവും തോമസ് കെ. തോമസിന്റെ മന്ത്രിസ്ഥാനത്തിന് പിന്തുണ പ്രഖ്യാപിച്ചതോടെയാണ് കലഹത്തിന്റെ തുടക്കം. മന്ത്രിസ്ഥാനത്തുനിന്നു മാറ്റിയാൽ എം.എൽ.എ. സ്ഥാനവും ഒഴിയുമെന്നാണ് എ.കെ. ശശീന്ദ്രന്റെ ഭീഷണി.

# സ്കൂൾ നിലവാരം റാങ്കിങ്ങുമായി സി-ഫോർ

**കോഴിക്കോട്** ▶ സ്കൂൾ ഗുണനിലവാരവുമായി ബന്ധപ്പെട്ട് ഗവേഷണസ്ഥാപനമായ സി-ഫോർ നടത്തിയ റാങ്കിങ് പ്രസിദ്ധീകരിച്ചു. 16 വ്യത്യസ്ത വിഭാഗങ്ങളിലായാണ് റാങ്കിങ് നടത്തിയിരിക്കുന്നത്.

ജൂലായിൽ ഇന്ത്യയിലെ 92 നഗരങ്ങളിലാണ് സർവേ നടത്തിയത്. ഇതിനായി 41,257 പേരെ അഭിമുഖം നടത്തി. അധ്യാപകരുടെ മികവ്, വിദ്യാർഥികളുമായുള്ള ബന്ധം, പാഠ്യപദ്ധതി, നേതൃത്വവും ഭരണസംവിധാനവും, അക്കാദമിക് പ്രവർത്തനം, കായികം, പാഠ്യേതര പ്രവർത്തനങ്ങൾ, രക്ഷിതാക്കളുടെ ഇടപെടലുകൾ, അടിസ്ഥാനസൗകര്യം, നൈപുണി, പൂർവവിദ്യാർഥികൾ ഉൾപ്പെടെയുള്ള മാനദണ്ഡങ്ങളായിരുന്നു ഇതിന് അടിസ്ഥാനം.

മികച്ച വിദ്യാഭ്യാസസ്ഥാപനങ്ങളെ പരിചയപ്പെടുത്തുക എന്നതാണ് സർവേ ലക്ഷ്യമിട്ടതെന്നു സി-ഫോർ സ്ഥാപകൻ പ്രേംചന്ദ് പാലേറ്റി പറഞ്ഞു. അധ്യാപകരുടെ ഗുണനിലവാരം, സിലബസ്, നേതൃത്വം എന്നീ മേഖലകളിൽ കേരളത്തിലെ സ്കൂളുകൾ മുൻപിലാണ്.

**ഓരോ വിഭാഗത്തിലും ആദ്യ മൂന്ന് റാങ്കുകൾ നേടിയ സ്കൂളുകൾ:**

- ആൺകുട്ടികളും പെൺകുട്ടികളും പഠിക്കുന്ന സ്കൂളുകളിൽ രാജഗിരി ക്രിസ്തു ജ്യോതി പബ്ലിക് സ്കൂൾ-കൊച്ചി, വിശ്വജ്യോതി സി.എം.ഐ. പബ്ലിക് സ്കൂൾ-അങ്കമാലി എന്നിവ ഒന്നും രണ്ടും റാങ്കുകൾ നേടി. ലൈഫ് വാലി ഇന്റർനാഷണൽ സ്കൂൾ-കോട്ടയം, ക്രൈസ്റ്റ് നഗർ ഹയർസെക്കൻഡറി സ്കൂൾ എന്നിവ മൂന്നാം സ്ഥാനം പങ്കിട്ടു
- ദിവസേന കുട്ടികൾ വരുന്ന സ്കൂളുകളുടെ വിഭാഗത്തിൽ കോട്ടയം പള്ളിക്കൂടം സ്കൂൾ ഒന്നാംറാങ്കും കൊച്ചി ചോയ്സ് സ്കൂൾ രണ്ടാം സ്ഥാനവും ഗ്ലോബൽ പബ്ലിക് സ്കൂൾ മൂന്നാംസ്ഥാനവും നേടി
- സർക്കാർ/പ്രതിരോധ മേഖലയിലെ വിഭാഗത്തിൽ കേന്ദ്രീയവിദ്യാലയ പട്ടം ഒന്നാംറാങ്ക് നേടി. നേവി ചിൽഡ്രൻസ് സ്കൂൾ കൊച്ചി, കേന്ദ്രീയവിദ്യാലയം നേവൽ ബേസ്-കൊച്ചി രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി
- ഇന്റർനാഷണൽ ഡേ സ്കൂൾ വിഭാഗത്തിൽ ജെംസ് മോഡേൺ അക്കാദമി കൊച്ചി ഒന്നാംസ്ഥാനം നേടി. ഇന്റർനാഷണൽ ഡേ കം ബോർഡിങ് വിഭാഗത്തിൽ സദ്ഭാവന വേൾഡ് സ്കൂൾ-കോഴിക്കോട് ഒന്നാംറാങ്ക് നേടി

തിരുവിതാംകൂർ ദേവസ്വം ബോർഡ്